## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1875 15.07.2016 ന് മറുപടിയ്ക്ക്.

### ഇടുക്കി ജില്ലയിലെ ശാന്തൻപാറ, ചിന്നക്കനാൽ പ്രദേശങ്ങളിൽ കാട്ടാന ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മണി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ ശാന്തൻപാറ, ചിന്നക്കനാൽ പഞ്ചായത്തുകളിൽ 2011-2016 കാലയളവിൽ കാട്ടാനകളുടെ ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; | (എ) ഇടുക്കി ജില്ലയിലെ ശാന്തൻപാറ, ചിന്നക്കനാൽ പഞ്ചായത്തുകളിൽ 2011-2016 കാലയളവിൽ കാട്ടാനയുടെ ആക്രമണത്തിൽ 11 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; |
| (ബി) പ്രദേശങ്ങളിൽ കാട്ടാന ശല്യം രൂക്ഷമായിട്ടും ആയത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കാനാവാത്ത സാഹചര്യം പരിശോധിക്കാമോ; | (ബി) ടി വിഷയം പരിശോധിച്ചിട്ടുണ്ട്. 12.02.2016 ൽ ഇടുക്കി ജില്ലാ കളക്ടർ, മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ വനം, റവന്യൂ, പോലീസ് ഉദ്യോഗസ്ഥ സംഘവും പ്രദേശത്തെ ജനപ്രതിനിധികളും ചേർന്ന് മൂലത്തുറയിൽ വച്ചും, 16.02.2016 ൽ ശാന്തൻപാറ പഞ്ചായത്ത് ഹാളിൽവച്ചും യോഗം ചേർന്ന് ടി വിഷയത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് നൽകുകയുണ്ടായി. |
| (സി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് കാട്ടാനകളുടെ ശല്യം ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് കാട്ടാനകളുടെ ശല്യം ഫലപ്രദമായി തടയുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ദേവികുളം റെയിഞ്ച് കേന്ദ്രീകരിച്ച് ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു.<br>2. ഈ പ്രശ്നത്തിന്റെ ഗൗരവവും പരിഹാര മാർഗ്ഗങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തു- |

ന്നതിനായി ഒരു ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തു. കൂടാതെ പ്രാദേശിക നെറ്റ് വർക്കുകളിലൂടെയും പ്രചരണം നടത്തി.

3. ആനകളെ നിരീക്ഷിക്കുന്നതിനും അവയുടെ നീക്കങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനും വാച്ചർമാരെ നിയമിച്ചു. വനപാലകർ രാത്രികാലങ്ങളിൽ ഈ മേഖലകളിലൂടെ പട്രോളിംഗ് നടത്തി വരുന്നു.
4. എം.പി, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ടിട്ടുണ്ട്.
5.

(ഡി) ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്കെല്ലാം വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടോ; എത്രപേർ അപേക്ഷ നൽകിയിരുന്നു; എത്ര പേർക്ക് ധനസഹായം നൽകി എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) കാട്ടാനയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി ലഭിച്ച 9 അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഒരു കേസ്സിൽ ആശ്രിതരില്ലാത്തതിനാൽ അപേക്ഷ ലഭിച്ചിട്ടില്ല. ഒരു അപേക്ഷയിന്മേൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

(ഇ) കാട്ടാനകളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ആർക്കാണ് നൽകേണ്ടത്; എന്തൊക്കെ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം; വിശദാംശം നൽകാമോ?

(ഇ) കാട്ടാനകളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ച തീയതി മുതൽ ഒരു വർഷത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്ത് അധികാര പരിധിയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ പകർപ്പ്, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പുകൾ, അനന്തരാവകാശ സർട്ടിഫിക്കറ്റ്, 100 രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ